compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 ഡിസംബർ 12
**Tuesday, 12th December 2023**

1199 വൃശ്ചികം 26
**26th Vrischikam 1199**

1945 അഗ്രഹായനം 21
**21st Agrahayana 1945**

വാല്യം 12
**Vol. XII**

നമ്പർ
**No.** **50**

## Part III

## Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീ. വർക്കി ജോർജ്ജ്)

നമ്പർ DDMPM-10007/2021-C. 2023 നവംബർ 22.

വിഷയം:—ക്ഷീരവികസന വകുപ്പ്—മലപ്പുറം—വേങ്ങര ബ്ലോക്ക്—കണ്ണമംഗലം പടപ്പറമ്പ് വനിത ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 196 (ഡി) ആപ്കോസ്—സമാപ്തീകരിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:—(1) ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21-6-2021-ലെ 124/2021 നമ്പർ കത്ത്.

(2) വേങ്ങര ഡയറിഫാം ഇൻസ്ട്രക്ടറുടെ 10-3-2022-ലെ 164/2021 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ ദീർഘനാളായി പ്രവർത്തന രഹിതമായ കണ്ണമംഗലം പടപ്പറമ്പ് വനിത ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 196(ഡി) ആപ്കോസിൽ 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ വേങ്ങര ബ്ലോക്കിൽ ദീർഘനാളായി പ്രവർത്തനരഹിതമായി കിടക്കുന്ന കണ്ണമംഗലം പടപ്പറമ്പ് വനിത ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 196 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി വേങ്ങര ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ. നസീം അബ്ദു റഹ്മാൻ, വി. യെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ യഥാസമയം ചുമതലയേറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നില്ല എങ്കിൽ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷക്കാലയളവിനുള്ളിൽ ലിക്വിഡേറ്റർ സംഘത്തിൽ നിന്നും കൊടുത്തുതീർക്കേണ്ട എല്ലാ ബാധ്യതകളും കൊടുത്തു തീർക്കേണ്ടതും സംഘത്തിലേക്ക് വരേണ്ടവ യഥാസമയം തിരികെ ഈടാക്കി ആയത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള പലിശരഹിത STSB അക്കൗണ്ടിൽ (STSB A/C No. 799011400006779) നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ റിപ്പോർട്ടും സംഘത്തിന്റെ മുഴുവൻ രേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് തിരികെ നൽകേണ്ടതാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
മലപ്പുറം. ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കണ്ണൂർ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**
**ഹാജർ: ശ്രീമതി.ജിജ.സി.കൃഷ്ണൻ**

DDKNR/697/2022-C തീയ്യതി: 15.11.2022

വിഷയം :-ക്ഷീരവികസനവകുപ്പ്, കണ്ണൂർ– ഇരിട്ടി ബ്ലോക്കിലെ നായാട്ടുപാറ ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ സി 240 (ഡി) ആപ്കോസ് –സംഘം സമാപ്തീകരണം –1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്

പരാമർശം:-- 1) ഈ ഓഫീസിലെ 07.09.2019-ലെ ഇതേ നം. ഉത്തരവ്
2) ഈ ഓഫീസിലെ 30.11.2022-ലെ DDKNR/10214/2021-A നം. ഉത്തരവ്
3) കൂത്തുപറമ്പ് ക്ഷീരവികസന ഓഫീസറുടെ 29.10.2022- ലെ നം. 102/2022 നം. റിപ്പോർട്ട്

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്കിൽ പ്രവർത്തനരഹിതമായി കിടന്ന നായാട്ടുപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 240 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനു കൂത്തുപറമ്പ് ഡെയറി ഫാം ഇൻസ്ട്രക്ടറെ സമാപ്തീകരണ ഉദ്യോഗസ്ഥനായി (ലിക്വിഡേറ്റർ) ആയി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം ലിക്വിഡേറ്റർ ആയ കൂത്തുപറമ്പ് ഡെയറി ഫാം ഇൻസ്ട്രക്ടർ കേരള സഹകരണ നിയമം ചട്ടം 69 അനുസരിച്ച് ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും ആക്ഷേപങ്ങളും പരാതികളും ക്ഷണിക്കുകയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാദ്ധ്യതകളെ സംബന്ധിച്ചും മറ്റും പരാതികൾ ബോധിപ്പിക്കുന്നതിനു സമയം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരുവിധ പരാതികളും ആക്ഷേപങ്ങളും ലഭിച്ചില്ലെന്നും സമാപ്തീകരണ നടപടികൾ തുടർന്നുകൊണ്ടിരിക്കുന്ന നായാട്ടുപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 240 (ഡി) ആപ്കോസ് സംഘത്തിന്റെ പേരിൽ വിവിധ ബാങ്കുകളിൽ ഉണ്ടായിരുന്ന തുക പിൻവലിച്ച് ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ ഏതെങ്കിലും രേഖകളോ ബാങ്ക് ബാലൻസ് ഒഴികെ മറ്റ് ആസ്തികളും ബാദ്ധ്യതകളും ഇല്ലായെന്ന് ലിക്വിഡേറ്റർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. നായാട്ടുപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 240 (ഡി) ആപ്കോസുമായി ബന്ധപ്പെട്ട് മറ്റ് ആസ്തികളോ ബാദ്ധ്യതകളോ ഒന്നും തന്നെ ഇല്ലാത്തതിനാൽ പരാമർശം (3) പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥൻ ടി സംഘം സമാപ്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ് എന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

**ഉത്തരവ്**

മേൽ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ രജിസ്ട്രാർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് ഇരിട്ടി ബ്ലോക്കിലെ നായാട്ടുപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 240 (ഡി) ആപ്കോസ് പ്രവർത്തനം സമാപ്തീകരിച്ചു കൊണ്ടും 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ടും ടി സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കൈവശമുള്ള സംഘത്തിന്റെ മുഴുവൻ രേഖകളും മൂന്ന് വർഷത്തേയ്ക്ക് സൂക്ഷിച്ചു വെയ്ക്കേണ്ടതാണ്

**(ഒപ്പ്)**
**ഡെപ്യൂട്ടി ഡയറക്ടർ**

**ക്ഷീര വികസന വകുപ്പ്**
**ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.12.12 03:21:55 +05:30